കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

# ആര്യാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

**e-mail:ddhglfalpy@gmail.com**

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)*

നം. കെ.എസ്.എ-എ.എൽ.പി-പി9-1553/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ ജില്ല,
തീയതി: 07.12.2018
ഫോൺ – 0477 2252753
ഇ-മെയിൽ -ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആര്യാട് ഗ്രാമ പഞ്ചായത്ത്

**സർ,**

വിഷയം : ആര്യാട് ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-1, 3-4, 3-7, 3-11 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി9-1553/18 തീയതി: 07.12.2018

# ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994* **ലെ** കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**.)**

ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2017 മുതൽ 31.03.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനും മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
| 3.10.2018 മുതൽ<br>12.10.2018 വരെ | ശ്രീമതി. എസ്സ്. എൽസമ്മ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീമതി. വി.മായ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. കെ. എം. പ്രശോഭൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>ശ്രീ. ടി.എം. റോയി, സീനിയർ ഗ്രേഡ് ഓഡിറ്റർ. |

**നിർവ്വഹണാധികാരികൾ**

1. **പ്രസിഡന്റ്**

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | കവിതാ ഹരിദാസ് | 1.4.2017 – 31.3.2018 |

2. **സെക്രട്ടറി**

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | വീണ.എസ്. | 1.4.2017 മുതൽ 31.3.2018 വരെ |

3. **സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| | പേര് | കാലയളവ് |
|---|---|---|
| ധനകാര്യം | ബിബിൻ രാജ്.ബി. | 01.04.17 മുതൽ 31.03.18 വരെ |
| വികസനകാര്യം | പ്രസന്ന രാജേന്ദ്രൻ | 01.04.17 മുതൽ 31.03.18 വരെ) |
| ക്ഷേമകാര്യം | സുരേഷ് | 01.04.17 മുതൽ 31.03.18 വരെ) |
| ആരോഗ്യ-വിദ്യാഭ്യാസകാര്യം | അനിതാ ഗോപിനാഥ് | 01.04.17 മുതൽ 31.03.18 വരെ) |

4. **മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | സാലി ജോസഫ്<br>റെജി.ജി.വി.<br>അക്ഷയ് ശശിധരൻ | 1.4.2017 മുതൽ 28.7.2017 FN വരെ<br>28.7.2017 AN മുതൽ 28.10.2017 വരെ<br>30.10.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | ഡോ.കണ്ണൻ.പി.എസ്സ് | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.മനു.മോഹൻ.എസ്. | 01.04.17 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജൻ | ഡോ.ലിറ്റി | 01.04.17 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ആശാലത.യു.പി. | 01.04.17 മുതൽ 31.03.18 വരെ |
| പ്രധാന അധ്യാപിക, ഗവ. എൽ.പി.എസ്. | പ്രീതി ജോസ് | 01.04.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ആഭാ.വി.എസ്. | 01.04.17 മുതൽ 31.03.18 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ഹാഷിഫ്.എച്ച് | 01.04.17 മുതൽ 31.10.17 FN വരെ |
| | സജിത്ത്.റ്റി.വി. | 31.10.2017 AN മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ. | ഡോ.ധനസ് മോൾ | 01.04.17 മുതൽ 31.03.18 വരെ |
| എൽ.വി.ഇ.ഓ. | ദീപ്തി.എ.ജി. | 01.04.17 മുതൽ 31.03.18 വരെ |
| ഡയറി ഫാം ഇൻസ്പക്ടർ | സബിത | 01.04.17 മുതൽ 31.03.18 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | സൂര്യ.പി.എസ്സ്. | 01.04.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ഐ.സുബൈദഭായി<br>പി.ജയ | 1.4.2017 മുതൽ 18.9.2017 വരെ<br>19.9.2017 മുതൽ 31.3.2018 വരെ |

**ഉള്ളടക്കം :-**


| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ<br>1-10 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | വസ്തുനികുതി നിർണ്ണയത്തിലെ പാളിച്ചകൾ |
| 3 | 2-2 | അർദ്ധവാർഷിക വരുമാന പത്രികയിൽ കൃത്യമായ വരുമാനം രേഖപ്പെടുത്തുന്നില്ല. |
| 4 | 2-3 | ഡി & ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കുന്നില്ല. |
| 5 | 2-4 | അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് |
| ഭാഗം – 3 | | |
| 6 | 3-1 | ആർ.സി.സി.പൈപ്പ് വാങ്ങി സ്ഥാപിക്കൽ പ്രോജക്ട് നടത്തിപ്പിൽ പോരായ്മകൾ |
| 7 | 3-2 | ഘടക സ്ഥാപനങ്ങൾക്ക് ഫർണീച്ചർ -വിതരണരേഖകൾ ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 8 | 3-3 | പഞ്ചായത്ത് കമ്യൂണിറ്റി ഹാളിലേക്ക് സാധനങ്ങൾ വാങ്ങൽ -കൃത്യമായി സ്റ്റോക്ക് സൂക്ഷിക്കുന്നില്ല. |
| 9 | 3-4 | പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം |
| 10 | 3-5 | സേവനനികുതി/ജി.എസ്.ടി പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. |
| 11 | 3-6 | വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 12 | 3-7 | തെരുവുവിളക്കുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ - നടത്തിപ്പിൽ സുതാര്യതയില്ല |
| 13 | 3-8 | ശുചിത്വമിഷൻ ഫണ്ട് - ചെലവുരേഖകൾ ഹാജരാക്കിയില്ല. |
| 14 | 3-9 | എച്ച്.എം നടപ്പിലാക്കിയ പ്രോജക്ടുകൾ -അപാകതകൾ |
| 15 | 3-10 | പി.എച്ച്.സി.ക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല. |
| 16 | 3-11 | പൊതു ടാപ്പുകളുടെ വെള്ളക്കരം – കൃത്യമായ രേഖകൾ സൂക്ഷിക്കുന്നില്ല. |
| 17 | 3-12 | പൊതുമരാമത്ത് പ്രവൃത്തികൾ – ആസൂത്രണവും നിർവ്വഹണവും |
| ഭാഗം – 4 | | |
| 18 | 4-1 മുതൽ<br>4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 19 | അനുബന്ധം – 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 20 | അനുബന്ധം – 2 | |


## ഭാഗം –1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

17.3.2017 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 28.2.2018 തീയതിയിലെ 5(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|

| | | |
|---|---|---|
| ബജറ്റ് പ്രകാരം | 129000000 | 12000000 |
| വാർഷിക കണക്ക് പ്രകാരം | 65794502 | 68530001 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2018 | 8.6.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-18 | കെഎസ്എ.എൽ.പി./ജി.എ4/1126(21)2018/ 01.08.2018 | വിശേഷണങ്ങളോടു കൂടിയത്. |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6052870.50 |
| വരവ് | 65794502.00 |
| ആകെ | 71847372.50 |
| ചെലവ് | 68530001.00 |
| നീക്കിയിരിപ്പ് | 3317371.50 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വി.ഫണ്ട് (ജനറൽ) | 0 | 16240952 | 16240952 | 15541038 | 699914 |
| വി.ഫണ്ട് (എസ്.സി.പി) | 0 | 1821887 | 1821887 | 1809001 | 12886 |
| വി.ഫണ്ട് (ടി.എസ്.പി) | 0 | 182926 | 182926 | 159679 | 23247 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 3399000 | 3399000 | 3204767 | 194233 |
| മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് | 0 | 3552000 | 3552000 | 3058429 | 493571 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 14035833 | 14035833 | 8008250 | 6027583 |
| കെ.എൽ.എസ്. ജി.ഡി.പി | 0 | 1934782 | 1934789 | 1595730 | 339052 |
| എസ്.ബി.ഐ. -സാക്ഷരത | 18623 | 383 | 19006 | 10500 | 8506 |
| എസ്.ബി.ഐ.-ദുരിതാശ്വാസ നിധി | 6248 | 230 | 6478 | - | 64781 |

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ് | 294439.5 | 2510736 | 2805175.5 | 2539802 | 265373.50 |
| ട്രഷറി റ്റി.എസ്.ബി (ജോയിന്റ് വെഞ്ചർ) | 263128 | 5530828 | 5793956 | 8059574 | - 2265618 |
| എസ്.ബി.റ്റി (ഇ-പേയ്മെന്റ്) | 0 | 383782 | 383782 | 0 | 383782 |
| ബി-ഫണ്ട് | 0 | 177600 | 177600 | 177600 | 0 |
| തനത് ഫണ്ട് | 4137554 | 2010139 | 6147693 | 725847 | 5421846 |
| ക്യാഷ് (തനത് ഫണ്ട്) | 157905 | 238213 | 396118 | 157905 | 238213 |
| ടോട്ടൽ സാനിറ്റേഷൻ | 611656 | 174745 | 786401 | 590102 | 196299 |

**വിവിധ ഫണ്ടുകളിലായി ചെലവഴിക്കപ്പെടാതെ വളരെയധികം തുക നഷ്ടപ്പെടുന്നു.**

പഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാതെ ബാക്കിയായത് ലക്ഷകണക്കിന് രൂപയാണ്.

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു വെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതുകൊണ്ടാണ് ഇത്രയും വലിയ തുക പഞ്ചായത്തിന് നഷ്ടമായത്. ഫണ്ട് വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും കുറെക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതായുണ്ട്. ആയതിനാൽ വരുംവർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി പരമാവധി വിനിയോഗിക്കുന്നതിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 145 | 51128120 | 128 | 78.7 | 9 | 17 | 79.67 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 294439.5 | 2510736 | 2805175.5 | 2539802 | 265373.5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3725892965 | 3725892965 | 3725892965 | 0 |
| **ആകെ** | 294439.52 | 363432767 | 366981490.5 | 36432767 | 265373.50 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 177600 | 304 |
| കർഷകതൊഴിലാളി പെൻഷൻ | 6147700 | 522 |
| വിധവാപെൻഷൻ | 10408400 | 892 |
| വാർദ്ധക്യകാലപെൻഷൻ | 28205500 | 2477 |
| വികലാംഗപെൻഷൻ | 3838700 | 324 |
| അവിവാഹിതപെൻഷൻ | 770100 | 88 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 120000 | 4 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.08.2018 | 07/2018 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.09.2015 | 2014-15 | 30.08.2016 |

## 1-10 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക കണക്കിൽ കാണപ്പെട്ട അപാകതകൾ കെ.എസ്.എ-എ.എൽ.പി-ജിഎ.4/1126(21)/2018, തീയതി : 01.08.2018 പ്രകാരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ടെങ്കിലും ഈ അപാകതകൾ മുഴുവനായി പരിഹരിച്ചിട്ടില്ല.

### ഭാഗം –2

### വരവ്–വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 വസ്തുനികുതി നിർണ്ണയത്തിലെ പാളിച്ചകൾ

1. പഞ്ചായത്തിലെ വസ്തുനികുതി സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം, 200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി ചതുരശ്രമീറ്ററിന് 80/-രൂപയും, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ളവയുടേത് ചതുരശ്രമീറ്ററിന് 60/-രൂപയും, 100 ചതുരശ്ര മീറ്റർ വരെയുള്ളവയുടേത് ചതുരശ്രമീറ്ററിന് 50/-രൂപയുമാണ്. വാണിജ്യവശ്യത്തിനുള്ള ഷോപ്പിംഗ് കോംപ്ലക്സുകളെ ഒരു കെട്ടിടമായി കണക്കാക്കി നികുതി നിർണ്ണയിക്കുന്നതിന് പകരം അതിലെ വിവിധ കടമുറികളെ 100 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതുമൂലം പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കേണ്ട നികുതിയിൽ കുറവ് സംഭവിട്ടിട്ടുണ്ട്. ഇപ്രകാരം നികുതി നിർണ്ണയിച്ച ചില ഷോപ്പിംഗ് കോംപ്ലക്സുകളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം | അസസ്സ് ചെയ്ത വർഷം |
|---|---|---|---|---|
| 1 | എലിസബത്ത് ജാക്സൺ, തെക്കേതയ്യിൽ, ആര്യാട് | 17/536-A മുതൽ 17/536-H വരെ 8 കടമുറികൾ. | 203ച.മീ. | 2015 ഒന്നാം അർദ്ധവർഷം |

| | | | | |
|---|---|---|---|---|
| 2 | പ്രവീൺ & പ്രമോദ്, കൈതവനശ്ശേരി, അവലൂക്കുന്ന് | 4/446-A മുതൽ 4/446-F വരെ 6 കടമുറികൾ. | 165.72 ച.മീ. | 2014 രണ്ടാം അർദ്ധവർഷം |
| 3 | ശശികല, മടയാംതോട്ടുങ്കൽ, അവലൂക്കുന്ന്. | 5/17-A മുതൽ 5/17-K വരെ 11 കടമുറികൾ. | 207 ച.മീ | 2016ഒന്നാം അർദ്ധവർഷം |
| 4 | പുഷ്കരൻ, വടക്കേതയ്യിൽ, അവലൂക്കുന്ന്. | 4/236-Aമുതൽ 4/236-D വരെ 4 കടമുറികൾ. | 141ച.മീ | 2015 രണ്ടാം അർദ്ധവർഷം |

ഒരു ഉടമയുടെ പേരിലുള്ളതും ഒരേ ആവശ്യത്തിന് (വാണിജ്യം) ഉപയോഗിച്ചു വരുന്നതുമായ ഇത്തരം കെട്ടിടങ്ങളുടെ നികുതി ഒന്നിച്ച് നിർണ്ണയിക്കുന്നതിന് പകരം ഓരോ മുറികളുടേയും നികുതി പ്രത്യേകം കണക്കാക്കുന്നതുമൂലം പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ വലിയ കുറവ് വന്നിരിക്കുന്നു. ഇത്തരം കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക തുക ഉടമകളിൽ നിന്നും ഈടാക്കുന്നതാണെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. ആയതിനാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വസ്തു നികുതി പുനർനിർണ്ണയിച്ച് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

2. പഞ്ചായത്തിലെ 9-ാം വാർഡിൽ സ്ഥിതിചെയ്യുന്ന കായലോരം ബാക്ക് വാട്ടർ റിസോർട്ടിന്റെ നികുതി നിർണ്ണയത്തിൽ അപാകതയുള്ളതായി കാണുന്നു. റിസോർട്ടിലെ കെട്ടിട നമ്പർ 9/4, 9/9 – 9/16, 9/18, 9/19 എന്നീ 11 മുറികളുടെ നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫോം 6 പരിശോധിച്ചതിൽ, റിസോർട്ടിലേയ്ക്കുള്ള വഴി സൗകര്യം ഒന്നര മീറ്ററിൽ കുറവായി കാണിച്ച് അടിസ്ഥാന നികുതിയിൽ 10% കുറവ് രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. വാഹനസൗകര്യമുള്ളതും 3 മീറ്ററിൽ കുറയാത്തതുമായ റോഡിന്റെ സമീപത്താണ് ടി റിസോർട്ട് സ്ഥിതിചെയ്യുന്നത്. കെട്ടിടങ്ങൾക്ക് ഘടനാപരമായ മാറ്റം വന്നതായി രേഖപ്പെടുത്തി ഡാറ്റാ എൻട്രി ചെയ്തപ്പോൾ നിലവിലുള്ള റോഡ് സൗകര്യം സെലക്ട് ചെയ്തതിൽ തെറ്റ് സംഭവിച്ചതാണെന്നും ആയത് പരിഹരിച്ച് മേൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വസ്തു നികുതി പുനർനിർണ്ണയിച്ച് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 അർദ്ധവാർഷിക വരുമാന പത്രികയിൽ കൃത്യമായ വരുമാനം രേഖപ്പെടുത്തുന്നില്ല.

സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള പത്രിക പ്രകാരം താജ് കൊയർ മിൽസ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനമായി കാണിച്ചിരിക്കുന്നത് 17600/- രൂപ മുതൽ 29900/- രൂപ വരെയാണ്. തന്മൂലം ഏറ്റവും കുറഞ്ഞ സ്ലാബുകളായ 120രൂപ, 180 രൂപ വീതമാണ് ഓരോ ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതിയായി ഈടാക്കിയിരിക്കുന്നത്. അർദ്ധ വാർഷിക വരുമാന പത്രികയിൽ കൃത്യമായ വരുമാനം രേഖപ്പെടുത്തി അതനുസരിച്ച് നികുതി ഒടുക്കുവാൻ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കുന്നില്ല.

2017-18 വർഷത്തെ ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 364 സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ തൻവർഷത്തെ ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം 457 സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ നിന്നും 93 സ്ഥാപനങ്ങൾ 2017-18 വർഷം ലൈസൻസില്ലാതെ നിയമവിരുദ്ധമായിട്ടാണ് പ്രവർത്തിച്ചതെന്ന് വ്യക്തമാണ്. ഉദാഹരണമായി പഞ്ചായത്തിലെ 9-ാം വാർഡിൽ പ്രവർത്തിക്കുന്ന ആലപ്പുഴ കായലോരം ബാക്ക് വാട്ടർ റിസോർട്ട് ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്. ബാക്ക് വാട്ടർ റിസോർട്ടിൽ 9/4, 9/9 – 9/16, 9/18, 9/19 എന്നീ കെട്ടിട നമ്പറുകളിലായി 11 മുറികളുണ്ട്. ടി സ്ഥാപനം 2016-17 വർഷവും ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചിരുന്നത്. 2018-19ലെ ഡി & ഒ ലൈസൻസ് നാളിതുവരെ എടുത്തിട്ടുമില്ല. 2017-18 കാലയളവിൽ കെട്ടിട നികുതി ഒടുക്കിയെങ്കിലും പ്രവർത്തനം തുടങ്ങാതിരുന്നതിനാൽ ലൈസൻസിന് അപേക്ഷിച്ചില്ലായെന്നും 2018-19 വർഷം ലൈസൻസ് എടുക്കുവാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്നുമാണ് മറുപടി

നൽകിയത്. ടി മറുപടി വസ്തുതാപരമായി ശരിയല്ല. ടി റിസോർട്ട് വർഷങ്ങളായി പ്രവർത്തിച്ചുവരുന്നതാണ്. കഴിഞ്ഞ പ്രളയകാലത്ത് നവീകരണ പ്രവർത്തനങ്ങൾക്കായി താല്ക്കാലികമായി അടച്ചിടുകയാണ് ചെയ്തിട്ടുള്ളത്. അതുപോലെ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, മാവേലി സ്റ്റോർ മുതലായ സ്ഥാപനങ്ങളും വർഷങ്ങളായി ഡി & ഒ ലൈസൻസ് കരസ്ഥമാക്കാതെയാണ് പ്രവർത്തിക്കുന്നത്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. തൻവർഷം ലൈസൻസ് എടുക്കാതെ നിയമവിരുദ്ധമായി പ്രവർത്തിച്ചിട്ടുള്ള സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ സ്ഥാപനങ്ങളും നിയമാനുസൃതം ലൈസൻസ് എടുക്കുന്നുവെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 2-4 അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

പൊതുവിദ്യാഭ്യാസവകുപ്പ് ഉത്തരവ് നം. ജി.ഒ.(ആർ.ടി)2422/2007/പൊ.വി.വ./1.8.2007 പ്രകാരം തദ്ദേശസ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന അൺഎയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനു എൽ.എസ്.ജി.ഡി.എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അൺഎയ്ഡഡ് ഹൈസ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനു 1000/- രൂപയാണ് ഫീസ്. ടി പഞ്ചായത്തിലെ സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സംബന്ധിച്ച നൽകിയ എൻക്വയറിക്ക് നൽകിയ മറുപടിയിൽ സ്കൂളിൽ നിന്നും അപേക്ഷ ലഭിച്ചിട്ടില്ല എന്നതാണ്. സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകുന്നത് സംബന്ധിച്ച് 12.09.2011-ലെ 42448/ഇ.ഡബ്ല്യു3/2011/തസ്വഭവ, നമ്പർ സർക്കുലർ പ്രകാരം സർക്കാർ പൊതു നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ യാതൊരു പ്രീ-പ്രൈമറി സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കാൻ പാടില്ലെന്നും, അപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണെന്നും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവിട്ടിരുന്നു.

മേൽ സാഹചര്യത്തിൽ പ്രീപ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും ലഭ്യമാക്കേണ്ടതും ഫിറ്റ്നസ് ഇല്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസ് മേധാവി ഉറപ്പുവരുത്തേണ്ടതുമാണെന്ന് 30.12.2016-ലെ 792455/ഇ.ഡബ്ല്യു3/2016/തസ്വഭവ നമ്പർ സർക്കുലറിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂളുകൾ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയിലെ അംഗങ്ങൾ ഉറപ്പാക്കേണ്ടതാണ്.

# ഭാഗം –3

# ചെലവ്–വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആർ.സി.സി.പൈപ്പ് വാങ്ങി സ്ഥാപിക്കൽ പ്രോജക്ട് നടത്തിപ്പിൽ പോരായ്മകൾ

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ ആർ.സി.സി.പൈപ്പ് വാങ്ങി സ്ഥാപിക്കൽ എന്ന പ്രോജക്ടിന്റെ (S121/18) നടത്തിപ്പിൽ താഴെ പറയുന്ന പോരായ്മകൾ കാണുന്നു.

1. 12-5-17 ൽ പ്രോജക്ടിന് ഭരണാനുമതി ലഭിക്കുകയും 6-10-17 ൽ അംഗീകാരം ലഭിക്കുകയും ചെയ്ത പ്രോജക്ടിനായി 3, 7, 8, 11, 16, 18 വാർഡുകളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി പൈപ്പിന്റെ അളവ് എടുത്തു തരുന്നതിന് 3-3-2018 ലാണ് സെക്രട്ടറി എ.ഇ. ക്ക് അറിയിപ്പു നൽകുന്നത്. പ്രോജക്ട് അംഗീകരിച്ചതിനു ശേഷം എന്തെല്ലാം വാങ്ങണമെന്ന് തീരുമാനിക്കുന്നത് ക്രമപ്രകാരമല്ല.
2. ഈ വാർഡുകളിലായി 90 cm വ്യാസമുള്ള 14 പൈപ്പുകൾ ആവശ്യമാണെന്ന് എ.ഇ. അറിയിച്ചെങ്കിലും 60 cm വ്യാസമുള്ള 7 പൈപ്പുകളാണ് വാങ്ങിയത്. ഇവ സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും വിനിയോഗരേഖകൾ ഹാജരാക്കിയില്ല. എ.ഇ. യുടെ നിർദ്ദേശപ്രകാരം ഉള്ള അളവ് ഉപയോഗിക്കാതിരുന്നത് പോരായ്മയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി തൃപ്തികരമായ മറുപടി നൽകിയിട്ടില്ല.

## 3-2 ഘടക സ്ഥാപനങ്ങൾക്ക് ഫർണീച്ചർ -വിതരണരേഖകൾ ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ ഘടക സ്ഥാപനങ്ങൾക്ക് ഫർണീച്ചർ എന്ന S107/18 -ാം നമ്പർ പ്രോജക്ടിനായി ബിൽ നം. 22/31-3-18 പ്രകാരം 77000/- രൂപ പിൻവലിച്ച് SIDCO യിൽ നിന്നും 5 സ്റ്റീൽ ക്യാബിനറ്റ്, 6 സ്റ്റീൽ ടേബിൾ, 6 പ്ളാസ്റ്റിക് ചെയർ എന്നിവ വാങ്ങി. ഇവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും വിതരണ രേഖകൾ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/10-10-18) നിർവ്വഹണ ഉദ്യോഗസ്ഥരുടെ മീറ്റിംഗിൽ ഇവർ ആവശ്യപ്പെട്ടതനുസരിച്ച് പ്രസിഡന്റിന്റെ വാക്കാലുള്ള നിർദ്ദേശപ്രകാരമാണ് വിതരണം ചെയ്തതെന്നും കൈപ്പറ്റ് രസീത് വാങ്ങി സമർപ്പിക്കാമെന്നുമാണ് അറിയിച്ചിട്ടുള്ളത്. വിതരണ രേഖകൾ ഹാജരാക്കാത്തതിനാൽ 77000/- രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 പഞ്ചായത്ത് കമ്യൂണിറ്റി ഹാളിലേക്ക് സാധനങ്ങൾ വാങ്ങൽ -കൃത്യമായി സ്റ്റോക്ക് സൂക്ഷിക്കുന്നില്ല.

പഞ്ചായത്ത് കമ്യൂണിറ്റി ഹാളിലേക്ക് വിവിധ വർഷങ്ങളിൽ പല സാധനങ്ങളും വാങ്ങിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ കൃത്യമായ സ്റ്റോക്ക് എഴുതി സൂക്ഷിക്കുന്നില്ല. 2017/18 വർഷം സെക്രട്ടറി നടപ്പാക്കിയ പ്രോജക്ട് നം. S0052/18 -നായി ബിൽ നം. 18/23-10-2017പ്രകാരം 180000/- രൂപ പിൻവലിച്ച് 301 പ്ലാസ്റ്റിക് കസേരകൾ കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സിൽ നിന്നും വാങ്ങി. അതുപോലെ വി.ഇ.ഒ. നടപ്പാക്കിയ ഹരിതകിരണം പ്രോജക്ടിനായി (S149/18) തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സിൽ നിന്നും 1388 സ്റ്റീൽ പ്ലേറ്റ്, 1388 വസ്തി പ്ലേറ്റ്, 1650 സ്റ്റീൽ പ്ലേറ്റ്, 9 സ്റ്റീൽ ജഗ്ഗ്, 1150 ടീ ഗ്ലാസ് എന്നിവ 519558/- രൂപയ്ക്ക് വാങ്ങി (ചെക്ക് നം.1260614/28-3-2018 449712/- രൂപ & ചെക്ക് നം. 1260615/28-3-2018, 69846/- രൂപ) ഇവ പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ സൂക്ഷിച്ചിട്ടുണ്ടെന്നാണ് വി.ഇ.ഒ. അറിയിച്ചിട്ടുള്ളത്. എന്നാൽ ഇവയുടെ കൃത്യമായ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ ഏതു രീതിയിൽ ഉപയോഗിക്കുന്നതെന്നോ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. പഞ്ചായത്ത് കമ്യൂണിറ്റി ഹാളിലുള്ള മുഴുവൻ സാധനങ്ങളുടെയും കൃത്യമായ സ്റ്റോക്ക് എഴുതി സൂക്ഷിക്കേണ്ടതും ഓരോ വർഷവും സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-4 പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം

പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിനായി 2017-18 വർഷം പഞ്ചായത്ത് വിപുലമായ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. ആയതിനായി നാല് പ്രോജക്ടുകൾക്ക് അംഗീകാരം നൽകി നടപ്പാക്കുകയുണ്ടായി.

| ക്രമ നം. | പ്രോജക്ട് | തുക |
|---|---|---|
| 1 | S117/18 പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് സ്ഥാപിക്കൽ | 519372 |
| 2 | S118/18 പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് അനുബന്ധ പ്രവർത്തനങ്ങൾ | 817972 |
| 3 | S149/18 ഹരിതകിരണം പദ്ധതി | 1560105 |
| 4 | S137/18 പ്ലാസ്റ്റിക് സംസ്കരണയൂണിറ്റിന് അധികസൗകര്യം | 324677 |
| | **ആകെ** | **3222126** |

**ലക്ഷ്യങ്ങൾ**

1. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുക ഒപ്പം പ്ലാസ്റ്റിക് മാലിന്യം പുന:ചംക്രമണം നടത്തി പുനരുപയോഗസാദ്ധ്യതകൾ പ്രോത്സാഹിപ്പിക്കുക.
2. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നടത്തുന്ന പൊതു പരിപാടികളിൽ ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് മാലിന്യം പരമാവധി കുറയ്ക്കുക.

ഇതിനായി 18 വാർഡുകളിൽ നിന്നായി 36 പേരടങ്ങുന്ന ഹരിതസേന രൂപീകരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നടക്കുന്ന എല്ലാ പരിപാടികളും മുൻകൂട്ടി അറിയുകയും, തുടർന്ന് ഓരോ പരിപാടിയും പ്രകൃതി സൗഹാർദ്ദമായി നടത്തേണ്ട ആവശ്യകത സംഘാടകരെ അറിയിക്കുകയും ചെയ്യുന്നു. ഇതിനാവശ്യമായി വരുന്ന സ്റ്റീൽ ഗ്ലാസ്സ്, സ്റ്റീൽ പ്ലേറ്റ് എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

32 ലക്ഷത്തിലധികം രൂപ ചെലവഴിച്ച് മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെല്ലാം മാതൃകയാകുന്ന രീതിയിൽ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകൾ നടപ്പാക്കിയതിന് പഞ്ചായത്ത് ഭരണസമിതി പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. എന്നാൽ തുടർ പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം കൊടുത്തിട്ടില്ല.

1. പ്രോജക്ടിന്റെ തുടർ പ്രവർത്തനത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് ഹരിത കർമ്മസേന. ഇതിന്റെ സംഘാടകസമിതി രൂപീകരണത്തിൽ 156 പേർ പങ്കെടുത്തിരുന്നു. തുടർന്ന് നടന്ന യോഗങ്ങളിൽ അംഗങ്ങളുടെ ഹാജർനില കുറഞ്ഞുവരുന്നതായാണ് കാണുന്നത്. മാത്രമല്ല, ആവശ്യമായ തീരുമാനങ്ങൾ എടുത്തതായും കാണുന്നില്ല.

2. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മുഴുവൻ വീടുകളേയും കടകളേയും ഇതിന്റെ പരിധിയിൽ കൊണ്ടുവരുവാൻ സാധിച്ചിട്ടില്ല. ഇതിന് പഞ്ചായത്ത് ഭരണസമിതി ഉചിതമായ തീരുമാനം എടുത്തതായി കാണുന്നില്ല.
3. മൊബൈൽ ആപ്ലിക്കേഷൻ വഴിയുള്ള നിരീക്ഷണം നടപ്പാക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല.
4. 28.2.2018-ൽ ഇതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 39 പേർക്ക് രണ്ടുമാസത്തെ വേതനമായ 12000 രൂപ വീതം നൽകിയെങ്കിലും ഇവരിൽ 7 പേർ തുടർന്ന് വേതനം കൈപ്പറ്റിയിട്ടില്ല. മാത്രമല്ല, 2018 ഓഗസ്റ്റിൽ 17 പേരും സെപ്റ്റംബറിൽ 13 പേരും മാത്രമാണ് വാർഡുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിച്ച് നൽകി പ്രതിഫലം കൈപ്പറ്റിയിട്ടുള്ളത്.
5. ഇതിന്റെ പ്രവർത്തനത്തിനായി ഇൻഡ്യൻ ഓവർസീസ് ബാങ്കിൽ പ്രത്യേകം അക്കൌണ്ട് തുടങ്ങിയിട്ടുണ്ട്. ഇതിൽ 27.09.2018-ൽ 83108 രൂപ മിച്ചം കാണുന്നു. ഈ തുക പഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
6. വീടുകളിൽ നിന്നും കടകളിൽ നിന്നും യൂസർ ഫീ ഇനത്തിൽ കളക്ട് ചെയ്യുന്ന പണം പ്ലാസ്റ്റിക് വിറ്റ ഇനത്തിൽ കിട്ടുന്ന പണം ഇതിന്റെ പ്രവർത്തനത്തിനായി വരുന്ന ചെലവുകൾ എന്നിവ കാണിക്കുന്ന പ്രത്യേക വരവുചെലവു രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

നാളിതുവരെ യൂസർ ഫീ ഇനത്തിൽ 527921/- രൂപയും പ്ലാസ്റ്റിക് വിറ്റ ഇനത്തിൽ 52092/- രൂപയും ഉൾപ്പെടെ ആകെ വരവ് 580017/- രൂപയും ചെലവ് 589331/- രൂപയും ആണെന്ന് വി.ഇ.ഒ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് കാര്യക്ഷമമാകുന്നതോടൊപ്പം പഞ്ചായത്തിന് ബാദ്ധ്യത ആകുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. മാത്രമല്ല, ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളും റിപ്പോർട്ടുകളും ഭരണസമിതി പ്രത്യേകം പരിഗണിക്കേണ്ടതും ഉചിതമായ നടപടി സ്വീകരിക്കേണ്ടതുമാണ്. ഒപ്പം മുഴുവൻ വീടുകളും സ്ഥാപനങ്ങളും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി സഹകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം. 02/05.10.2018) ക്ക് നൽകിയ മറുപടിയിൽ പഞ്ചായത്തിലെ മുഴുവൻ വീടുകാരും സഹകരിക്കാത്തതിനാൽ പ്രതിഫലം അംഗങ്ങൾക്ക് കുറഞ്ഞുവരുന്നുണ്ടെന്നും, എല്ലാവരെയും സഹകരിപ്പിച്ച് പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കാമെന്നും അറിയിച്ചിട്ടുണ്ട്.

## 3-5 സേവനനികുതി/ജി.എസ്.ടി പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

1. 4-ാം വാർഡിലെ അംഗൻവാടി കെട്ടിടത്തിന് അധികസൗകര്യങ്ങൾ എന്ന പ്രോജക്ടിനായി (നം.S0048/18) വികസനഫണ്ടിൽ (ലോകബാങ്ക് ധനസഹായം) നിന്നും 329624/- രൂപ വകയിരുത്തിയിരുന്നു. പ്രവൃത്തിയുടെ മൂല്യം 297119/- രൂപയോടൊപ്പം സേവനനികുതി 10.5% 31198/- രൂപയും ചേർത്ത് 328315/- രൂപയാണ് ഈ പ്രവൃത്തിയുടെ ആകെ ചെലവ് കണക്കാക്കിയിട്ടുള്ളത്. ബിൽ നം.127/10.01.2018 പ്രകാരം 328315/- രൂപ പിൻവലിച്ച് സേവന നികുതി 31198/- രൂപ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. തുക പിൻവലിച്ച് ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കാനുള്ള കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/11.10.18) പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മുമ്പ് സർവ്വീസ് ടാക്സ് രജിസ്ട്രേഷൻ എടുക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകിയതാണെന്നും എന്നാൽ രജിസ്ട്രേഷൻ എടുക്കേണ്ട സമയപരിധി അവസാനിച്ചതിനാൽ കരാറുകാരന് രജിസ്ട്രേഷൻ ലഭിച്ചില്ല എന്നും തുക ഏത് ഹെഡ്ഡിൽ അടവാക്കണമെന്നത് സംബന്ധിച്ച് സെൻട്രൽ എക്സൈസ് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ടി ട്ടുണ്ടെന്നും, നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് തുക അടവാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
2. പഞ്ചായത്ത് ഖരമാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമാക്കൽ (S0138/18) എന്ന പ്രോജക്ടിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് 45000/- രൂപയും കേന്ദ്രാവിഷ്കൃത ഫണ്ട് 355000/- രൂപയും ഉൾപ്പെടെ ആകെ 400000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. Integrated Rural Technology Centre (IRTC) എന്ന അക്രെഡിറ്റഡ് ഏജൻസിയെ കൊണ്ടാണ് പ്രവൃത്തി ചെയ്യിപ്പിച്ചിട്ടുള്ളത്. പ്രവൃത്തിക്കായി GST ഉൾപ്പെടെ 310407/- രൂപയാണ് ഫൈനൽ ബിൽ പ്രകാരം ചെലവ് വന്നിട്ടുള്ളത്. GST 33619/- രൂപ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായാണ് ഫൈനൽ ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം GST പിടിച്ചതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/11/10.18) IRTC യുടെ ആവശ്യപ്രകാരമാണ് തുക പിൻവലിച്ചതെന്നും ഇതിന്മേൽ സ്പഷ്ടീകരണത്തിനായി ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അതനുസരിച്ച് തുടർനടപടി

സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. സ്പഷ്ടീകരണം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-6 വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു

2017-18 വർഷം സെക്രട്ടറി നടപ്പാക്കിയ രണ്ടു പ്രോജക്റ്റുകൾ പ്രകാരം വിവിധ വർക്കുകൾക്കായി 2471828/- രൂപ KSEB യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഇതുവരെ വർക്ക് പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യ പത്രം KSEB യിൽ നിന്നും ലഭിച്ചിട്ടില്ല.

1. സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ പ്രോജക്റ്റ് നം. S0062/18

ഈ പ്രോജക്റ്റ് പ്രകാരം പാതിരപ്പള്ളി ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന പ്രദേശത്ത് സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനായി 2321828/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനിയർ ഇലക്ട്രിക്കൽ ഡിവിഷൻ ചേർത്തലയ്ക്ക് നൽകി.

| ബിൽ നം. | തീയതി | തുക |
|---|---|---|
| 25 | 3-1-2018 | 921828 |
| 43 | 5-3-2018 | 78172 |
| 44 | 5-3-2018 | 400000 |
| ജില്ലാപഞ്ചായത്ത് വിഹിതം | 28-3-2018 | 921828 |

2. വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പ്രോജക്റ്റ് നം. S0106/18

വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി 150000/- രൂപ KSEB ഇലക്ട്രിക്കൽ ഡിവിഷൻ പാതിരപ്പള്ളിയ്ക്ക് നൽകി.

| ബിൽ നം. | തീയതി | തുക |
|---|---|---|
| 26 | 6-12-2017 | 26629 |
| 28 | 6-12-2017 | 12734 |
| 29 | 11-1-2018 | 6416 |
| 30 | 11-1-2018 | 34418 |
| 38 | 3-3-2018 | 18498 |
| 45 | 21-3-2018 | 22094 |
| 54 | 31-3-2018 | 29211 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/10.10.2018) വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാം എന്നാണ് അറിയിച്ചിട്ടുള്ളത്. വിനിയോഗസാക്ഷ്യ പത്രം KSEB യിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ KSEB യിൽ ഡെപ്പോസിറ്റ് ചെയ്ത 2471828/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 തെരുവുവിളക്കുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ - നടത്തിപ്പിൽ സുതാര്യതയില്ല

വിശദമായ ചർച്ചകൾ നടത്താതെയും ആവശ്യകത നിർണ്ണയിക്കാതെയും തെരുവുവിളക്കുകളുമായി ബന്ധപ്പെട്ട 5 പ്രോജക്റ്റുകളാണ് 2017-18 വർഷം സെക്രട്ടറി നടപ്പാക്കിയിട്ടുള്ളത്.

**തെരുവ് വിളക്ക് റിപ്പയർ**

എ) തെരുവ് വിളക്ക് റിപ്പയർ (സ്പിൽ ഓവർ) S023/18

ബി) തെരുവ് വിളക്ക് റിപ്പയർ S058/18

ഇലക്ട്രിക് ലൈറ്റുകൾ പോസ്റ്റിൽ നിന്നും അഴിച്ച് നന്നാക്കി തിരികെ പോസ്റ്റിൽ ഫിറ്റ് ചെയ്യുന്നതിനായുള്ള ഈ പ്രോജക്റ്റുകൾക്ക് യഥാക്രമം 15390/- രൂപ, 100000/- രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. പ്രോജക്റ്റ് നം. S023/18 ൽ വിവിധ വാർഡുകളിലായി 107 ട്യൂബ് ലൈറ്റുകൾ നന്നാക്കിയതിന് ഒരെണ്ണത്തിന് 145 രൂപ നിരക്കിൽ 15390/- രൂപ (ക്രമപ്പെടുത്തിയത്) ബിൽ നം. 14/15.09.2017 പ്രകാരം ശ്രീ. വിജയകുമാർ, പൊക്കാലയിൽ എന്നയാൾക്കും പ്രോജക്റ്റ് നം. S058/18 ൽ ഉൾപ്പെടുത്തി 608 ട്യൂബ് ലൈറ്റുകൾ 160 രൂപ നിരക്കിലും 22 CFL 125 രൂപ നിരക്കിലും അറ്റകുറ്റപ്പണി നടത്തിയതിന് ആകെ 100000/- രൂപ (ക്രമപ്പെടുത്തിയത്) ശ്രീ. സത്യപാലൻ, വടക്കേടത്ത് എന്നയാൾക്കും നൽകുകയുണ്ടായി (ബിൽ നം. 23/18.11.17 Rs. 77920/-, ബിൽ നം. 50/31.03.2018 Rs.22080/-)

ശ്രീ. സത്യപാലന്റെ കരാർ അംഗീകരിച്ചത് 28.09.2017-ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റിയാണ്. എങ്കിലും ഈ തീയതിക്കുമുമ്പ് ഉള്ള തീയതികളിൽ വാർഡ് മെമ്പർമാർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 251 ട്യൂബ് ലൈറ്റുകൾക്ക് 160 രൂപ വച്ച് പ്രതിഫലം നൽകി. ഇതേ കാലയളവിൽ ശ്രീ.വിജയകുമാറിന് 145 രൂപയാണ് പ്രതിഫലം നൽകിയിരുന്നത്. ആയതിനാൽ 244 ട്യൂബ് ലൈറ്റുകൾക്ക് 15 രൂപ വച്ച് 3660 രൂപ അധികം നൽകിയിട്ടുണ്ട്. ഈ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. മാത്രമല്ല പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുന്നതിനു മുൻപ് തന്നെ ശ്രീ. സത്യപാലന് സ്ട്രീറ്റ് ലൈറ്റ് നന്നാക്കിയതിനു തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

വിശദവിവരം താഴെ കൊടുക്കുന്നു.

| വാർഡ് നം. | നന്നാക്കിയെന്നു കാണിച്ച് മെമ്പർമാർ സാക്ഷ്യപത്രം നൽകിയ തീയതി | നന്നാക്കിയ ട്യൂബുകളുടെ എണ്ണം |
|---|---|---|
| 5 | 14-8-2017 | 20 |
| 6 | 13-8-2017 | 11 |
| 7 | 14-8-2017 | 11 |
| 8 | 12-8-2017 | 21 |
| 9 | 13-8-2017 | 18 |
| 11 | 10-8-2017 | 24 |
| 12 | 10-8-2017 | 20 |
| 13 | 10-7-2017 | 25 |
| 14 | 10-8-2017 | 24 |
| 15 | 13-8-2017 | 22 |
| 16 | 14-8-2017 | - |
| 18 | 22-7-2017 | 48 |

ആകെ = 244*15 = 3660

**<u>തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കൽ</u>**

തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിനായി S063/18, S143/18 എന്നീ പ്രോജക്ടുകളിലായി യഥാക്രമം 479398/-, 92579/- രൂപ വീതം ചെലവ് ചെയ്തിട്ടുണ്ട്. ഇവ സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും വിതരണവിവരം രേഖപ്പെടുത്തിയിട്ടില്ല.

മുൻ വർഷങ്ങളിലുൾപ്പെടെ വാങ്ങിയിട്ടുള്ള മുഴുവൻ തെരുവുവിളക്ക് ഉപകരണങ്ങളുടേയും സ്റ്റോക്ക് രജിസ്റ്റർ വിതരണ രേഖകൾ ഇവ ഹാജരാക്കാത്തതിനാൽ 571977/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി നൽകിയ വിശദീകരണം തൃപ്തികരമല്ല. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം, തരം എന്നിവ സംബന്ധിച്ച് കൃത്യമായ കണക്കെടുക്കേണ്ടതും ഇതിൽ ഏതെല്ലാം ലൈറ്റുകൾക്കാണ് കേടുവന്നിട്ടുള്ളതെന്ന് ഉറപ്പാക്കി അതുമാത്രമാണ് നന്നാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്. മാത്രമല്ല നന്നാക്കുന്ന ലൈറ്റുകളുടെ ഗ്യാരണ്ടി സംബന്ധിച്ച് കരാർ വയ്ക്കേണ്ടതും ഈ കാലയളവിൽ വരുന്ന കേടുപാടുകൾക്ക് ഉത്തരവാദി കരാറുകാരൻ ആയിരിക്കേണ്ടതുമാണ്. അതുപോലെ സ്ട്രീറ്റ് ലൈറ്റുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സ്ട്രീറ്റ് ലൈറ്റുകൾക്കായി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കേണ്ടതും എല്ലാവർഷവും ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ അതിൽ ചേർക്കേണ്ടതുമാണ്.

## 3-8 ശുചിത്വമിഷൻ ഫണ്ട് - ചെലവുരേഖകൾ ഹാജരാക്കിയില്ല.

8.5.2017ലെ സർക്കാർ ഉത്തരവ് (സാധാ) നം.1485/2017 ത.സ്വ.ഭ.ന.പ്രകാരം 2017-2018 സാമ്പത്തിക വർഷത്തിൽ മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക ലഭ്യമാക്കുവാൻ കാലതാമസം നേരിടുമെന്നതിനാൽ മഴക്കാലം തുടങ്ങുന്നതിനു മുൻപ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ശുചിത്വമിഷൻ വഴി ഫണ്ട് നൽകാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ 2017-2018 വർഷത്തെ ശുചിത്വമിഷൻ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് തിരികെ നൽകാമെന്ന വ്യവസ്ഥയിൽ ഗ്രാമപഞ്ചായത്ത് അവരുടെ പദ്ധതിവിഹിതത്തിൽ നിന്നോ, തനതുഫണ്ടിൽ നിന്നോ തുക ചെലവഴിച്ച് മഴക്കാലപൂർവ്വശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ആയതനുസരിച്ച് 2.6.2017 ലെ വൌച്ചർ 21700198പ്രകാരം 1,80,000/-രൂപ(ബിൽ നം.195/1.6.2017) തനതു ഫണ്ടിൽ നിന്നും മെഡിക്കൽ ഓഫീസർക്ക് പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. 10000/-രൂപ വീതം 18 വാർഡുകളിലേക്ക് ചെലവഴിക്കുന്നതിനുവേണ്ടി ടി തുക മെഡിക്കൽ ഓഫീസർ ജെ.പി.എച്ച്. നേഴ്സ്മാർക്ക് വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ 5, 8, 9, 10, 11, 14, എന്നീ വാർഡുകളിലെ ചെലവുരേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. ആയതിനാൽ 6 വാർഡുകളിലേക്ക് നൽകിയ 60,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 എച്ച്.എം നടപ്പിലാക്കിയ പ്രോജക്ടുകൾ -അപാകതകൾ

എച്ച്.എം. നടപ്പിലാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

**1. പ്രോജക്ട് നം. 18/2018.പത്താം തുല്യതാ പരീക്ഷ**

അടങ്കൽ

തനതുഫണ്ട് : 10,000/- രൂപ

വികസനഫണ്ട് : 20,000/- രൂപ

നിർവഹണോദ്യോഗസ്ഥ : എച്ച്.എം.ഗവ.എൽ.പി.സ്കൂൾ

ടി പ്രോജക്റ്റ് പ്രകാരം വികസനഫണ്ടിൽ നിന്നും 20,000/- രൂപയും തനതുഫണ്ടിൽ നിന്നും 9,900/- രൂപയും പിൻവലിച്ച് ഉല്ല്യതാ പരീക്ഷ നടപ്പിലാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കോഴ്സുമായി ബന്ധപ്പെട്ട പഠിതാക്കളുടെ ഹാജർ വിവരം, കോഴ്സ് പൂർത്തീകരിച്ചതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ടി വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/10.10.2018) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

**2. പ്രോജക്ട് നം.5/18 എസ്.എസ്.എ,വിഹിതം**

ടി പ്രോജക്റ്റ് പ്രകാരം 4.8.17ന് 6,00,000/- രൂപ (രസീതു നം.026236) എസ്.എസ്.എ. വിഹിതമായി ജില്ലാ പ്രോജക്റ്റ് ഓഫീസർക്ക് എച്ച്.എം. നല്കിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ വിവരം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

## 3-10 പി.എച്ച്.സി.ക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ടി പദ്ധതി പ്രകാരം 3,00,000/- രൂപ മെയിന്റനൻസ് ഫണ്ടിൽ നിന്ന് പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനും(2,00,000/-ബിൽ നം.9/17-18 തീയതി,12.1.18) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിനും(1,00,000/- ബിൽ നം.5/17-18 തീയതി, 22.11.17) നൽകിയിട്ടുണ്ട്. 2,00,000/- രൂപയുടെ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ടി വിവരം കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/11.10.2018) മറുപടി ലഭ്യമായില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-11 പൊതുടാപ്പുകളുടെ വെള്ളക്കരം -- കൃത്യമായ രേഖകൾ സൂക്ഷിക്കുന്നില്ല--

2017-18 വർഷത്തെ വൗച്ചർ പരിശോധിച്ചതിൽ, ആര്യാട് ഗ്രാമപഞ്ചായത്ത് 762 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 3,33,375 രൂപ പ്രകാരം തൻവർഷം 40,00,500 രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഓരോ വാർഡിലുമുള്ള പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച യാതൊരുവിധ കണക്കും പഞ്ചായത്തിന്റെ കൈവശമില്ല. നിലവിൽ

പ്രവർത്തനക്ഷമമായതും അല്ലാത്തതുമായ പൊതുടാപ്പുകളുടെ വാർഡ് തിരിച്ചുള്ള എണ്ണം, വെള്ളക്കരമിനത്തിൽ ഒടുക്കുന്ന തുക മുതലായവ ഉൾപ്പെടുത്തി വെള്ളക്കരം രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകളിൽ പോലും ശരാശരി 500ൽ താഴെ പൊതുടാപ്പുകൾ മാത്രമാണ് ഉള്ളതെന്നിരിക്കെയാണ്, 18 വാർഡുകൾ മാത്രമുള്ള പഞ്ചായത്ത് ഓരോ മാസവും ഇത്രയധികം ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നത്. പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഇതുമൂലം പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രമാണോ വെള്ളക്കരം ഒടുക്കുന്നതെന്ന് വ്യക്തമല്ല. 4 വാർഡുകളിലെ സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ടെന്നും ശേഷിക്കുന്ന 14 വാർഡുകളിൽ പരിശോധന നടത്തുന്നതിന് വാട്ടർ അതോറിറ്റിയോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടെന്നും സംയുക്ത പരിശോധന പൂർത്തിയാകാത്തതിനാൽ പ്രവർത്തിക്കുന്നതും പ്രവർത്തിക്കാത്തതുമായ പൊതു വാട്ടർ ടാപ്പുകളുടെ കൃത്യമായ എണ്ണം ലഭ്യമല്ലെന്നുമാണ് സെക്രട്ടറി മറുപടി നൽകിയത്. സംയുക്ത പരിശോധന എത്രയുംവേഗം പൂർത്തിയാക്കി വാർഡ് തലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന പൊതുടാപ്പുകളുടെ എണ്ണം കണക്കാക്കേണ്ടതും അവയ്ക്ക് മാത്രം വെള്ളക്കരം ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഗാർഹിക കുടിവെള്ള കണക്ഷൻ വ്യാപകമാകുന്ന സാഹചര്യത്തിൽ, പൊതുടാപ്പുകളുടെ എണ്ണം അതിനനുസൃതമായി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 പൊതുമരാമത്ത് പ്രവൃത്തികൾ - ആസൂത്രണവും നിർവ്വഹണവും

1. ഗ്രാമ പഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡുകളുടെ പട്ടിക എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കണക്ടിവിറ്റി ഇല്ലാതെ ചെറു ഭാഗങ്ങളായി വിഭജിച്ച് റോഡുകൾ വാർഡ് അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതുവഴി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ പൂർണ്ണമായ പ്രയോജനം ജനങ്ങൾക്ക് ലഭിക്കാതെവരുകയും സമഗ്രമായ വികസനം സാധ്യമാകാതെ വരികയും ചെയ്യുന്നു. ഉദാഹരണമായി, 7-ാം വാർഡിൽ ചാരംപറമ്പ് - തീരദേശം റോഡ് മെറ്റലിംഗ് (പ്രോജക്ട് നം.S0029/18) എന്ന പ്രവൃത്തിയിൽ 210മീറ്റർ നീളത്തിൽ ഒന്നാം ഘട്ട മെറ്റലിംഗ് നടത്തുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ ഏകദേശം 270 മീറ്ററോളം നീളത്തിൽ ഗ്രാവലിംഗ് നടത്തി മെയിൻ റോഡുമായി ബന്ധിപ്പിച്ചാൽ മാത്രമേ റോഡിന്റെ പൂർണ്ണമായ പ്രയോജനം ലഭിക്കുകയുള്ളൂ എന്നതിനാൽ നാട്ടുകാർ പ്രവൃത്തി തടയുകയുണ്ടായി. എന്നാൽ പദ്ധതിവിഹിതം നഷ്ടപ്പെടാതിരിക്കാൻ പിന്നീട് നിലവിലുള്ള എസ്റ്റിമേറ്റ് പ്രകാരം തന്നെ പ്രവൃത്തി നടത്തി. ജനങ്ങൾക്ക് പൂർണ്ണമായ പ്രയോജനം ലഭിക്കത്തക്കവിധത്തിൽ പ്രവൃത്തികൾ വിഭാവനം ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 11.10.2018-ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13) കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി പഞ്ചായത്തിനെ മുഴുവൻ ഏകഘടകമായി കണ്ടുകൊണ്ട് റോഡിന്റെ അതാതു സമയത്തെ ആവശ്യകത അനുസരിച്ച് മുൻഗണനാക്രമം തയ്യാറാക്കി അതിൽ നിന്നും പ്രവൃത്തികൾ തിരഞ്ഞെടുക്കണമെന്ന അഭിപ്രായം ഗ്രാമ പഞ്ചായത്തിൽ അറിയിച്ചിട്ടുള്ളതാണെന്നും ആയതിൽ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചു വരികയാണെന്നും അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി ജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ഗ്രാമ പഞ്ചായത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെൻഡറുകൾ ക്ഷണിക്കുമ്പോൾ കരാറുകാരുടെ മതിയായ പ്രാതിനിധ്യം ഉണ്ടാവുന്നില്ല. ഭൂരിഭാഗം വർക്കുകളിലും ഒരേ കരാറുകാർ തന്നെ എസ്റ്റിമേറ്റ് നിരക്കിലും 0.01% കുറഞ്ഞ നിരക്കിലുമുള്ള ടെൻഡറുകൾ സമർപ്പിക്കുന്നതായും ഈ കരാറുകാർ തന്നെ മാറിമാറി പ്രവൃത്തികൾ ഏറ്റെടുക്കുന്ന പ്രവണതയും കാണുന്നു. മത്സരസ്വഭാവമുള്ള ടെൻഡറുകൾ ലഭിക്കുകയോ എസ്റ്റിമേറ്റ് നിരക്കിലും കുറഞ്ഞ ടെൻഡർ ലഭിക്കുക വഴി പഞ്ചായത്തിന് സാമ്പത്തികലാഭം ഉണ്ടാവുകയോ ചെയ്യുന്നില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് 11.10.2018-ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13) തൻവർഷം ലഭിച്ച പദ്ധതിവിഹിതം 18 ഭാഗങ്ങളായി ഭാഗിച്ച് ഓരോ വാർഡിലേക്കും 3 ലക്ഷം രൂപ വീതം വകയിരുത്തിയാണ് പദ്ധതി തയ്യാറാക്കിയതെന്നും ഈ തുകയ്ക്ക് ഒരു റോഡിന്റെ മൊത്തം നീളത്തിന്റെ ചെറിയ ഒരു ഭാഗം മാത്രമാണ് പൂർത്തീകരിക്കാൻ സാധിക്കുന്നതെന്നും ടാറിംഗ്, കോൺക്രീറ്റിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് നീക്കിവച്ചിരിക്കുന്ന തുക കുറവായതിനാൽ വാടകയിനത്തിലും കൂലിയിനത്തിലും മാനുഷിക അധ്വാനത്തിന്റെ കാര്യത്തിലും ഉണ്ടാകുന്ന നഷ്ടവും പ്രായോഗിക ബുദ്ധിമുട്ടും മൂലം ടെൻഡർ സമർപ്പിക്കാൻ കരാറുകാർ വിമുഖത കാണിക്കുന്നുവെന്നുമാണ് അസി.എഞ്ചിനീയർ മറുപടി നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് മേൽ വിഷയങ്ങളിൽ പരിഹാരനടപടികൾ അനിവാര്യമായതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 3813140 | പാലീയേറ്റീവ് കെയർ, ഹരിതകിരണം പ്രോജക്ട്, ലൈഫ് പദ്ധതി തുടങ്ങിയവ | 3491876 | 321264 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വകയിരുത്തിയ തുക | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2950000 | 2471828 | 2471828 | 478172 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | 31/10/ത.സ്വ.ഭ.വ./ 28.1.2010 | 11458500 | 2216700 | 1314029 | - | 902671 | - |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 25316/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2003-2004 | പാര 3(1),3(2) | 2,968 | കെ.എസ്.സോണി, ഹെഡ് ക്ലാർക്ക് | 117050104882/6.3.2018 |

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2002-2003 | പാര 3(2),3(3) | 2,778 | കെ.എസ്സ്.സോണി, ഹെഡ് ക്ലാർക്ക് | 117050104884/6.3.2018 |
| 2008-2009 | പാര 3(1) | 5,073 | ആമിന ബായി, സെക്രട്ടറി | 117050102637/6.11.2017 |
| 2016-2017 | പാര3(5)(1) | 14,497 | അനസ് നൈന, കോൺട്രാക്ടർ | 117050101964/12.10.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,57,94,502 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,85,30,001 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3,660 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 34,38,728 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7 | | 3,660 | ശ്രീമതി. വീണ. എസ്, സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 77,000 | ശ്രീമതി. വീണ.എസ്, സെക്രട്ടറി |
| 3-6 | 24,71,828 | |
| 3-8 | 60,000 | ഡോ. പി. എസ്. കണ്ണൻ |
| 3-9(1) | 29,900 | ശ്രീമതി. പ്രീതി ജോസ്, എച്ച്.എം. |
| 3-9(2) | 6,00,000 | |
| 3-10 | 2,00,000 | ഡോ. പി. എസ്. കണ്ണൻ |
| ആകെ | 36,38,728 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

--ഇല്ല--

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

--ഇല്ല--

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന മയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വീണ. എസ്. സെക്രട്ടറി | സെക്രട്ടറി, ആര്യാട് ഗ്രാമപഞ്ചായത്ത് | വടക്കേവാര്യം, തോണ്ടൻകുളങ്ങര, ആലപ്പുഴ |
| ഡോ. പി. എസ്. കണ്ണൻ. മെഡിക്കൽ ഓഫീസർ | പി.എച്ച്.സി, ആര്യാട് | ശ്രീവൽസം, കോമളപുരം, ആര്യാട് |
| ശ്രീമതി.പ്രീതി ജോസ്, എച്ച്.എം. | ഗവ.വി.വി.എസ്.ഡി.എൽ.പി.എസ്., ആര്യാട് | പുലിമുഖത്ത് ഹൗസ്., പാതിരാപ്പള്ളി.പി.ഓ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ8/1490/09/18.04.08/11.06.08 |
| 1997-98 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 1999-00 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2000-01 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2001-02 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2002-03 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2003-04 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2004-05 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2005-06 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2006-07 | എൽ.എഫ്.എ16-46/2010/28.08.2010/4.10.2010 |
| 2007-08 | എൽ.എഫ്.എ.പി.10-1357/2010/31.05.11/14.07.11 |
| 2008-09 | എൽ.എഫ്.എ.പി.10-1358/2010/31.05.11/14.07.11 |
| 2009-10 | എൽ.എഫ്.എ.പി.10-1359/2010/31.05.11/30.06.11 |
| 2010-11, 2011-12, 2012-13 | എൽ.എഫ്.എ.പി.9-96/13/28.01.2014 |
| 2014-15 | കെ.എസ്.എ.എ.എൽ.പി -പി9-1629/2015/08.01.2016 |

| | |
|---|---|
| 2015-16 | കെ.എസ്.എ.എ.എൽ.പി -പി9-137/17/06.02.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി9-886/2017/ 19.07.2017 |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനു സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

.

.

.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

അനുബന്ധം - I

നം. കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(21)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

തീയതി: 01.08.2018

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ആര്യാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.
.
.
.
.
.
.

**ഡെപ്യൂട്ടി ഡയറക്ടർ**

## അനുബന്ധം - II

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | |
| 3. | ബാലൻസ് ഷീറ്റ് | |

.
.

.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ